ഖുത്വ്ബ നമ്പർ
01
06-01-2012

بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز
**വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം**



# വഖ്ഫ് ജദീദ് : നവ വർഷ പ്രഖ്യാപനം

لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ ۬ؕ
وَمَا تُنْفِقُوْا مِنْ شَیْءٍ فَاِنَّ اللّٰهَ بِهٖ عَلِیْمٌ ﴿۹۳﴾

ഈ ആയത്തിന്റെ തർജ്ജമ ഇപ്രകാരമാണ്.

നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് വരെ നിങ്ങൽ പരിപൂർണ്ണ നന്മ പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്ന് ചെലവഴിക്കുന്നവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു.

**ബിർറ്** എന്ന വാക്ക് ഉയർന്ന നിലയിലുള്ള നൻമക്കും പറയും. തർജമയിൽ പറഞ്ഞത് പോലെ പരിപൂർണ്ണ നന്മക്കും പറയും. അല്ലാഹുവിന്റെ പ്രീതി അന്വേഷിച്ച്കൊണ്ടിരിക്കുന്ന ഒരു യഥാർഥ മുഅ്മിൻ അവനെ അല്ലാഹുവുമായി അടുപ്പിക്കുന്ന നൻമയുടെ ഉയർന്ന നിലവാരം സ്വായത്തമാക്കാനായി പരിശ്രമിക്കുന്നതാണ്. വിശുദ്ധ ഖുർആനിൽ എവിയെല്ലാം വിവിധ തരത്തിൽ വിവിധ സ്ഥലങ്ങളിൽ അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുന്നതിനായി വിവിധ നൻമകളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ടോ അതിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ടോ അവിടങ്ങളിൽ സമ്പത്ത് ചെലവഴിക്കുന്നതിനെയും അല്ലാഹുവിന്റെ മാർഗത്തിൽ വിവിധങ്ങളായ കഴിവുകളെ വിനിയോഗിക്കുന്നതിനെയും നൻമയായി പറഞ്ഞിട്ടുണ്ട്. ഈ ആയത്തിലും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിനെ വളരെ വലിയ നൻമയായി പറഞ്ഞിരിക്കുന്നു. പറയുന്നു. ഏതൊരു സമ്പത്തിനെയും വസ്തുവിനേയുമാണോ നിങ്ങൾ സ്നേഹിക്കുന്നത് അത് നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുമ്പോൾ വലിയ നൻമയായിരിക്കും. നിശ്ചയമായും അല്ലാഹു അവന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി ചെയ്യുന്ന എല്ലാ നൻമകൾക്കും പ്രതിഫലം നൽകുന്നു. എന്നാൽ ഉത്തമമായ പ്രതിഫലം അവന്റെ മാർഗത്തിൽ ഉത്തമമായ വസ്തു ത്യാഗം ചെയ്യുമ്പോഴാണ് ലഭിക്കുക. അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട ദാസൻ അല്ലാഹുവിന്റെ പ്രീതി സ്വായത്തമാക്കുന്നതിനായും നൻമയുടെ ഉന്നതനിലവാരം കരസ്ഥമാക്കുന്നതിനായും പരിശ്രമിക്കുന്നവനാണ്. അത് നേടുന്നതിനായി അവൻ തന്റെ ഏറ്റവും പ്രിയപ്പെട്ട വസ്തു പോലും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ വിമുഖത കാണിക്കുകയില്ല. അത്കൊണ്ട് ഒരു വ്യക്തിയുടെ സത്യസന്ധമായ ഈമാനും നൻമയും ത്യാഗത്തിന്റെ ഉന്നതനിലവാരവും മനസ്സിലാകുന്നത് ആ വക്തി തനിക്ക് ഏറ്റവും പ്രിയപ്പെട്ടത് ചെലവഴിക്കുമ്പോഴാണ്. ഈ ദൃഢതക്കും സുരക്ഷിതത്വത്തിനും വേണ്ടി മുഅ്മിൻ എല്ലാ വിധത്തിലുള്ള ത്യാഗത്തിനും സന്നദ്ധനാകുന്നു. അങ്ങനെതന്നെയാണ് ഒരു യഥാർഥ മുഅ്മിൻ ആകേണ്ടതും.

നൻമയുടെ ഉന്നത നിലവാരം സ്വായത്തമാകുന്നതിന് ഒരു യഥാർഥ മുഅ്മിൻ എല്ലായ്പ്പോഴും അസ്വസ്ഥനായിക്കൊണ്ടിരിക്കും. ഹദീസിൽ വന്നിരിക്കുന്നു. ഈ ആയത്ത് അവതീർണ്ണമായപ്പോൾ അബു ത്വൽഹ എന്ന സഹാബി (റ) റസൂൽ തിരുമേനി (സ) യുടെ സമക്ഷത്തിൽ ഹാജരായി. എന്നിട്ട് പറഞ്ഞു: ബിർറുഹാ എന്നറിയപ്പെടുന്ന എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ തോട്ടം അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ നൽകുന്നു. റസൂൽ തിരുമേനി (സ) ഇത് കേട്ട് വളരെ അധികം സന്തോഷം പ്രകടിപ്പിച്ചു. എന്നിട്ട് ഇത് എങ്ങനെ ചിലവഴിക്കണം എന്ന് പറഞ്ഞ്കൊടുത്തു. സഹാബാക്കൾ തങ്ങൾക്ക് നൻമ ചെയ്യാനുള്ള കൽപന എപ്പോഴാണ് ലഭിക്കുക എന്നും അങ്ങനെ അത് പൂർത്തിയാക്കിക്കൊണ്ട് ഈമാനും ഇഖ്ലാസും ആത്മാർഥതയും ത്യാഗവും പ്രകടിപ്പിക്കാൻ സാധിക്കുക എന്നുമുള്ള ചിന്തയിലാണ് എപ്പോഴും കഴിച്ചു കൂട്ടിയിരുന്നത്.

റസൂൽ തിരുമേനി (സ) അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരെ അങ്ങേയറ്റം അസൂയപ്പെടേണ്ടവരാണ് എന്ന് പറയുകയുണ്ടായി. ഈ നിലവാരം സ്വായത്തമാക്കിയവരെ നമുക്ക് സഹാബ റിസ്വാനുല്ലാഹി അലൈഹിം അജ്മഈനിൽ അനേകം കാണാൻ സാധിക്കുന്നതാണ്. അവർ രഹസ്യമായും പരസ്യമായും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാറുണ്ടായിരുന്നു. മറച്ച്വെച്ച്കൊണ്ടും പുറത്ത് കാണിച്ചുകൊണ്ടും ചെലവഴിക്കാറുണ്ടായിരുന്നു. ഒരു മുഅ്മിനിൽ നിന്നും അല്ലാഹു ആഗ്രഹിക്കുന്ന നിലവാരം കരസ്ഥമാക്കുന്നതിന് വേണ്ടി അവരുടെ ത്യാഗത്തിന്റെ ഉദ്ദേശ്യവും അല്ലാഹുവിന് അറിയാമായിരുന്നു. പിന്നീട് അല്ലാഹു അവർക്ക് അളവറ്റ നിലയിൽ നൽകുകയുണ്ടായി. നിസ്സാരമായ ജോലി ചെയ്തിരുന്നവരിൽ ഒരു കാലം വന്നു. അവരെ കോടികളുടെ അധിപൻമാരാക്കി മാറ്റി. ഈ സമ്പത്തിന്റെ ഒഴുക്ക് അവരുടെ ഈമാനെയും ദൃഢവിശ്വാസത്തെയും കൂടുതൽ തിളക്കമുള്ളതാക്കിത്തീർത്തു. അവർക്ക് വന്നുചേർന്ന സമ്പത്തും സ്വത്തും യാതൊരു ദുഃഖവും ഭയവുമില്ലാതെ ഇടതടവില്ലാതെ ചെലവഴിച്ചുകൊണ്ടേയിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് മൂലം അല്ലാഹു അളവറ്റ നിലയിൽ നൽകും എന്ന ആത്മീയ ജ്ഞാനവും ഗ്രാഹ്യവും അവർക്കുണ്ടായിരുന്നു. 70 ഇരട്ടിയായും അതിലും കൂടുതലായും നൽകുന്നതായിരിക്കും. അല്ലാഹു ആരുടെയും പ്രതാപത്തെ ഗൗനിക്കാറില്ല. ഏറ്റവും വലിയ കാര്യം റസൂൽ തിരുമേനി (സ) യുടെ വിശുദ്ധീകരിക്കാനുള്ള ശക്തി അവരിൽ ഉണ്ടാക്കിയെടുത്ത ആത്മീയ വിപ്ലവം മുഖേന അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി കൂടുതലായി പരിശ്രമിക്കണം എന്ന ചിന്തയിലാണ് അവരുണ്ടായിരുന്നത്. ഇതായിരുന്നു അവരുടെ ലക്ഷ്യം. ഇതിന് വേണ്ടി അവർ പരമാവധി പരിശ്രമിക്കാറുണ്ടായിരുന്നു. സഹാബാക്കളുടെ

ജീവിതം ഈ കാര്യത്തിന് സാക്ഷിയാണ്. അവർ പരിശ്രമിച്ച്കൊണ്ടിരുന്ന ആ ലക്ഷ്യം നേടുകയും ചെയ്തു. അല്ലാഹുവിന്റെ തൃപ്തിയുടെ സർട്ടിഫിക്കറ്റ് അവർ കരസ്ഥമാക്കി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ സഹാബാക്കളെക്കുറിച്ച് പറയുന്നു: ‘‘സഹാബാക്കൾ അവർ കരസ്ഥമാക്കിയ ആ സ്ഥാനത്തേക്ക് കേവലം സൗജന്യമായാണോ എത്തിച്ചേർന്നത്. ഭൗതിക ബഹുമതി കരസ്ഥമാക്കുന്നതിനായി എന്തെല്ലാംവിധത്തിലുള്ള ചെലവുകളും ബുദ്ധിമുട്ടുകളുമാണ് സഹിക്കേണ്ടതായി വരുന്നത്. അതിന് ശേഷമാണ് ഒരു നിസ്സാരമായ ബഹുമതി ലഭിക്കുന്നത്. അതുമുഖേന ഹൃദയത്തിന് ശാന്തിയോ സമാധാനമോ ലഭ്യമല്ല. അപ്പോൾ ചിന്തിക്കൂ. റളിയല്ലാഹു അൻഹു എന്ന ബഹുമതി അത് ഹൃദയത്തിന് സമാധാനവും ശാന്തിയും നൽകുന്നതും അല്ലാഹുവിന്റെ പ്രീതിയുടെ അടയാളവുമാണ്. അത് വളരെ എളുപ്പത്തിൽ ലഭിച്ചുവെന്നാണോ.’’ പറയുന്നു: ‘‘കാര്യം ഇതാണ്; യഥാർഥ സന്തോഷത്തിന് കാരണമായ അല്ലാഹുവിന്റെ തൃപ്തി താൽക്കാലിക ബുദ്ധിമുട്ടുകൾ സഹിക്കാത്തേടത്തോളം കാലം കരസ്ഥമാക്കാൻ സാധ്യമല്ല. അല്ലാഹുവിനെ വഞ്ചിക്കാൻ സാധ്യമല്ല. ദൈവിക പ്രീതി കരസ്ഥമാക്കുന്നതിനായി ബുദ്ധിമുട്ടുകളെ അവഗണിക്കുന്നവർ അനുഗ്രഹീതരാണ്. കരാണം, സ്ഥായിയായ സന്തോഷവും എന്നെന്നും നിലനിൽക്കുന്ന സുഖത്തിന്റെ പ്രകാശവും സത്യവിശ്വാസിക്ക് ഈ താൽക്കാലിക ബുദ്ധിമുട്ടിന് ശേഷമാണ് ലഭിക്കുന്നത്. ഈ കാലഘട്ടത്തിൽ ലോകത്തിന്റെ പരിഷ്ക്കരണത്തിനായി, ലോകത്തെ അല്ലാഹുവുമായി അടുപ്പിക്കുന്നതിനായി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അയക്കുകയുണ്ടായി. ആ മഹാത്മാവ് സഹാബാക്കളുടെ ഉദാഹരണം നൽകിക്കൊണ്ട് നമ്മോട് എന്തെങ്കിലും പറയുമ്പോൾ അത് ഈ പരിശുദ്ധ മാതൃകകൾ നമ്മെ സംബന്ധിച്ചേടത്തോളം ജീവിത മാതൃകയാണ് എന്നത് കൊണ്ടാണ്. ഇവരുടെ കാൽപാടുകളെ പിൻതുടരാൻ വേണ്ടി പരിശ്രമിക്കുന്നതിന് വേണ്ടിയാണ്. അങ്ങനെ പരിശ്രമിക്കുകയാണെങ്കിൽ യഥാർഥത്തിലുള്ള നൻമ പ്രവർത്തിക്കുന്നവരും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരുമായി മാറുന്നതായിരിക്കും.’’

ഹ:മസീഹ് മൗഊദ് (അ) തന്റെ നേരിട്ടുള്ള തർബിയ്യത്ത് മുഖേന അല്ലാഹുവിന്റെ തൃപ്തി സ്വായത്തമാക്കുന്നതിനായി തങ്ങളുടെ സർവ്വസ്വവും ത്യജിക്കാൻ സന്നദ്ധരായ ആയിരക്കണക്കിന് വ്യക്തിത്വങ്ങളെ ലോകത്തിന് കാണിച്ചുകൊടുത്തതായി അഹ്മദിയ്യ ജമാഅത്തിന്റെ ചരിത്രത്തിലും നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഈ ഈമാനിക ആവേശത്താലും ത്യാഗത്താലും ജമാഅത്ത് ഓരോ ദിവസവും ഒരു പുതിയ പ്രഭാവത്തോടെ പുരോഗതിയുടെ ചുവടുകൾ പിന്നിട്ട്കൊണ്ടിരുന്നു. ഹ: മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടത്തിൽ, ആ മഹാത്മാവിന്റെ സഹവാസം ലഭിച്ചവർ മസീഹ് മൗഊദ് (അ) ന്റെ സന്ദേശം വ്യക്തമായും മനസ്സിലാക്കി. അവിടുന്ന് പറയുന്നു:‘‘നൻമയുടെ കവാടം ഇടുങ്ങിയതാണ്. അതുകൊണ്ട് ഒരു കാര്യം വ്യക്തമായും ധരിച്ച് കൊള്ളുക. ഉപയോഗശൂന്യമായ വസ്തു ചെലവഴിച്ച്കൊണ്ട് ആർക്കും തന്നെ ഇതിൽ പ്രവേശിക്കാൻ സാധ്യമല്ല. കാരണം വിശുദ്ധ ഖുർആന്റെ വ്യക്തമായ ആയത്താണ്. لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ ഏതുവരെ ഏറ്റവും ഇഷ്ടപ്പെട്ടതും പ്രിയപ്പെട്ടതിൽ പ്രിയപ്പെട്ടതുമായ വസ്തു ചെലവഴിക്കുന്നില്ലയോ ഇഷ്ടപ്പെട്ടവരും പ്രിയപ്പെട്ടവരുമായ മുഅ്മിന്റെ സ്ഥാനം കരസ്ഥമാക്കാൻ സാധ്യമല്ല. സഹാബാക്കൾ ഈ കാര്യം ശ്രദ്ധിക്കുകയും മനസ്സിലാക്കുകയും ചെയ്തതിനുശേഷം ത്യാഗങ്ങൾ ചെയ്യാനായി അസ്വസ്ഥപ്പെട്ടുകൊണ്ടിരുന്നു. അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബാക്കൾ ഉന്നത നിലവാരത്തിലുള്ള നൻമ കരസ്ഥമാക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സമക്ഷത്തിൽ ദുആക്ക് അപേക്ഷിക്കാറുണ്ടായിരുന്നു. പരിശ്രമിക്കുകയും ചെയ്യാറുണ്ടായിരുന്നു. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ ദൃശ്യവും കാണാറുണ്ടായിരുന്നു.

ഇന്ന് ഞാൻ നിങ്ങൾക്ക് ഒന്ന് രണ്ട് ഉദാഹരണങ്ങൾ കേൾപ്പിക്കാം. ഹദ്റത്ത് സൂഫി നബി ബക്ശ് സാഹിബ് (റ) മുഹാജിർ ഖാദിയാൻ വിവരിക്കുന്നു. ഒരിക്കൽ ഞാൻ ജലസാ സാലാനയിൽ വന്നു. അപ്പോൾ ഞാൻ പറഞ്ഞു: ‘‘എനിക്ക് ഒറ്റക്ക് ചില കാര്യങ്ങൾ പറയാറുണ്ട്.’’ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: ‘‘അകത്തേക്ക് വരു.’’ അവിചാരിതമായി കവാടം തുറന്നിട്ടിരുന്നു. എന്റെ കൂടെയുള്ളവരും മറ്റും അനേകം സഹോദരങ്ങൾ അകത്തേക്ക് വന്നു. ഞാൻ പറഞ്ഞു: ‘‘എന്റെ പിതാവ് പറയുന്നു. ഞാൻ മകനെ നല്ലവണ്ണം പഠിപ്പിച്ചു. എന്നാൽ ഉദ്യോഗസ്ഥനായതിൽ പിന്നെ എനിക്ക് സേവനമൊന്നും തന്നെ ചെയ്തിട്ടില്ല. ഭാര്യ പറയുന്നു. നിങ്ങൾ നല്ല അഹ്മദിയാണ്! എന്റെ കൈയ്യിൽ ഉണ്ടായിരുന്ന ആഭരണങ്ങളും വിറ്റു തീർത്തിരിക്കുന്നു. പിതാവിനും പരാതി ഭാര്യക്കും പരാതി.’’ തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സമക്ഷത്തിൽ പറയുന്നു: ‘‘ഇവിടെ ഞാൻ കാണുന്നു. ഈ ജമാഅത്തിന്റെ സേവനത്തിനായി താങ്കളുടെ ശിഷ്യന്മാർ ആയിരക്കണക്കിന് രൂപ ത്യാഗം ചെയ്യുന്നു. അല്ലാഹു എനിക്ക് രണ്ട് മൂന്ന് ഇരട്ടി ശമ്പളം നൽക്കുകയും അങ്ങനെ എനിക്ക് താങ്കളെ സേവിക്കാൻ ഭാഗ്യം കിട്ടാനുമായി താങ്കൾ ദുആ ചെയ്താലും.’’ ഒരു ഭാഗത്ത് പിതാവിന്റെ പരാതിയാണ് എനിക്ക് സേവനമൊന്നും ചെയ്യുന്നില്ല; ഞാൻ പഠിപ്പിച്ചു എന്ന്. മറുഭാഗത്ത് തനിക്ക് ഒന്നും കൊണ്ടുവരുന്നില്ല എന്നും എന്റെ ആഭരണങ്ങൾ വിൽക്കേണ്ടതായി വന്നിരിക്കുന്നു എന്നും ഭാര്യയും പരാതിപ്പെടുന്നു. എന്നാൽ ഇവിടെ താങ്കളുടെ അടുത്ത് നടക്കുന്ന നൻമകൾ കാണുമ്പോൾ, ത്യാഗങ്ങൾ കാണുമ്പോൾ, ആളുകൾ വന്ന് ആയിരക്കണക്കിന് രൂപ നൽകുന്നതായിക്കാണുമ്പോൾ അല്ലാഹു എനിക്കും തൗഫീഖ് നൽകുന്നതിനായി ദുആ ചെയ്താലും എന്ന് അപേക്ഷിക്കുകയാണ്. ഈ കാര്യങ്ങൾ കേട്ടതിന് ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി: ‘‘വളരെ നല്ലത് നാം ദുആ ചെയ്യാം. നിങ്ങൾ ഓർമ്മിപ്പിച്ച്കൊണ്ടിരിക്കുക.’’

പറയുന്നു: ‘‘ആ സമയത്ത് എന്റെ ശമ്പളം 55 രൂപ ആയിരുന്നു. പിന്നീട് ലാഹോറിൽ എത്തിയതിനുശേഷം ദുആ ചെയ്യാൻ ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരു കാർഡ് എഴുതി. അതിനിടക്ക് എനിക്ക് യുഗാണ്ട റയിൽവേയിൽ നിന്ന് 120 രൂപ ശമ്പളവും 45 രൂപ അലവൻസും ലഭിക്കുന്ന ഒരു ജോലി ലഭിച്ചു. എനിക്ക് ആദ്യമായി ശമ്പളം ലഭിച്ചപ്പോൾ ഞാൻ മനസ്സിൽ ഉറപ്പിച്ചിരുന്നതുപോലെ ചന്ദയായി ജമാഅത്തിന് ചെലവഴിക്കുന്നതിനായി ഉടൻതന്നെ ഹുസൂറിന്റെ സമക്ഷത്തിൽ അത് കാണിക്കയായി വെച്ചു. അതിന് ശേഷം ഞാൻ ആഫ്രിക്കയിൽ പോയി. ഞാൻ അവിടെ ഉണ്ടായിരുന്നിടത്തോലം മൂന്ന് ഇരട്ടി ശമ്പളം എനിക്ക് ലഭിച്ച്കൊണ്ടിരുന്നു. ഇത് അവിടുത്തെ ദുആ സ്വീകാര്യതയുടെ ഒരു മുഅ്ജിസത്ത് ആണ്.’’

മറ്റൊരു സഹാബി ഹദ്റത്ത് മുൻശി സഫർ അലി സാഹിബ് മൗലവി മിർ മുഹമ്മദ് അഹ്മദ് സാഹിബ് മുഖേന വിവരിക്കുന്നു. ചൗധരി മുസ്തം അലി സാഹിബ് മർഹൂം ഇൻസ്പെക്ടർ റെയിൽവെ ആയിരുന്നു. 150 രൂപ അദ്ദേഹത്തിന് മാസം ശമ്പളം ലഭിക്കാറുണ്ടായിരുന്നു. വളരെ മുഖ്ലിസായ നമ്മുടെ ജമാഅ

ത്തിലെ സ്മരിക്കാൻ യോഗ്യനായ വ്യക്തിയായിരുന്നു. അദ്ദേഹം തന്റെ വീട്ടിലെ ചെലവിനായി 20 രൂപ തന്റെ പക്കൽ ഓരോ മാസവും വെച്ച് ബാക്കി മുഴുവൻ ശമ്പളവും ഹ:മസീഹ് മൗഊദ് (അ)ന് അയക്കുമായിരുന്നു. എല്ലായിപ്പോഴും അദ്ദേഹത്തിന്റെ രീതി ഇതായിരുന്നു. ദീനി സേവനത്തിന് ത്യാഗം ചെയ്യുന്നതിനായി ദരിദ്രരുടെ ഹൃദയത്തിൽപോലും ഹ:മസീഹ് മൗഊദ് (അ) ഉണ്ടാക്കിയെടുത്ത ആവേശം എപ്രകാരമായിരുന്നു. അവരും വ്യാകുലപ്പെടാറുണ്ടായിരുന്നു. അവർക്ക് യാതൊരുവിധ വരുമാനവും ഉണ്ടായിരുന്നില്ല. ദരിദ്രരായിരുന്നു. വലിയ കുടുംബമായിരുന്നു. ഒരുപാട് കുട്ടികൾ ഉണ്ടായിരുന്നു. ചെലവ് പൂർത്തിയാകാറുണ്ടായിരുന്നില്ല. അവർ എങ്ങനെയാണ് ത്യാഗം ചെയ്യാറുണ്ടായിരുന്നത്.

ഹ: ഖാസി ഖമറുദ്ധീൻ സാഹിബ് (റ) സായിം ദിവാൻ ശാഅ് സാഹിബിനെക്കുറിച്ച് സംഭവങ്ങൾ വിവരിച്ചുകൊണ്ട് എഴുതുന്നു. ഞാനും സായിം സാഹിബിനോട് ചോദിക്കാറുണ്ടായിരുന്നു. "താങ്കൾ ഖാദിയാൻ ശരീഫിൽ പോകുന്നത് എന്തെങ്കിലും പ്രത്യേക ജോലിക്കാണോ." നാറോവാളിൽ താമസിക്കുന്ന സായിം ദിവാൻ ശാഅ് സാഹിബിന്റെ ഗ്രാമത്തിലൂടെയായിരുന്നു സായിം സാഹിബ് പോയിരുന്നത്. രാത്രി അവിടെ കഴിച്ച്കൂട്ടാറുണ്ടായിരുന്നു. കാൽനടയായാണ് അദ്ദേഹം യാത്ര ചെയ്തിരുന്നത്. നാറോവാളിൽ നിന്ന് യാത്ര തുടങ്ങി ഖാദിയാനിൽ വരാറുണ്ടായിരുന്നു. ഇത് ഒരുപാട് മൈൽ ദൂരമുണ്ട്. ഏറ്റവും ചുരുങ്ങിയത് 100 മൈൽ ഒരു പക്ഷേ അതിൽ കൂടുതൽ ഉണ്ടാവാം. പറയുന്നു: "ഖാദിയാനിൽ പോകുന്നത് എന്തെങ്കിലും പ്രത്യേക ജോലിക്കായാണോ അതോ മുലാഖാത്തിനുള്ള അഭിനിവേശം കൊണ്ടാണോ." സായിം ദിവാൻ (റ) സാഹിബ് പറയുമായിരുന്നു: "ഞാൻ ദരിദ്രനാണ്. ചന്ദ നൽകാൻ സാധ്യമല്ല. ഞാൻ പോകുന്നത് അഥിതി മന്ദിരത്തിലെ കട്ടിലുകൾ മെടയുകയും അതുമുഖേന എന്റെ ബാധ്യതയായ ചന്ദയുടെ ഭാരം ഇല്ലാതായിത്തീരുകയും ചെയ്യുന്നതിന് വേണ്ടിയാണ്. ലങ്കർ ഖാനയിലുള്ള കട്ടിലുകൾ മെടഞ്ഞ് അതിന് കൂലി കൊടുക്കുന്നതിന് പകരമായി ഞാൻ ആ ജോലി ചെയ്യുന്നു." ഇതായിരുന്നു അവരുടെ ത്യാഗത്തിന്റെ നിലവാരം. ഒന്ന് രണ്ട് ഉദാഹരണങ്ങൾ ഞാൻ നൽകി. ഹ: മസീഹ് മൗഊദ് (അ)ന്റെ സഹവാസത്തിൽ നിന്ന് അനുഗ്രഹം നേടിയവരുടെ നിലവാരം രിവായത്തുകളിൽ ഇത്തരത്തിലുള്ള അനേകം ഉദാഹരണങ്ങൾ ഉണ്ട്. എന്നാൽ ഞാൻ സമയപരിമിധി നിമിത്തം ഏതാനും ചിലതാണ് കേൾപ്പിക്കുന്നത്. ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ഇതു കേട്ട് നമ്മുടെ അധരങ്ങൽ അല്ലാഹുവിന്റെ ഹംദ് കൊണ്ട് നിറഞ്ഞ് കവിയേണ്ടതാണ്. മുമ്പത്തേക്കാൾ ഉപരിയായി നാം അല്ലാഹുവിന്റെ സമക്ഷത്തിൽ കുമ്പിട്ട്കൊണ്ടിരിക്കുന്നവരായിത്തീരേണ്ടതാണ്. ഹ:മസീഹ് മൗഊദ് (അ) മുഖേന ഹദ്റത്ത് റസൂൽ(സ)യുടെ പതാക ലോകത്ത് പറത്തുന്നതിനായി അല്ലാഹു ഏതൊരു ജമാഅത്തിനെയാണോ സ്ഥാപിച്ചിരിക്കുന്നത് അവരിൽ ത്യാഗത്തിന്റെ ഉന്നത നിലവാരം തങ്ങളുടെ പ്രിയപ്പെട്ട വസ്തുക്കൾ അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുന്നതിന്റെ നിലവാരം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബാക്കളോട് കൂടി അവസാനിച്ചില്ല. ഏറ്റവും കൂടുതലായി ഒന്നോ രണ്ടോ തലമുറകളിൽ മാത്രമല്ല ഇത് നിലനിന്നത്. മറിച്ച് നൂറ് വർഷത്തിൽ അധികം കാലം കഴിഞ്ഞിട്ടും ഈ ത്യാഗത്തിനുള്ള ആവേശവും ഉൻമേഷവും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിലനിൽക്കുന്നു. അതിൽ കൂടുതലായി. വിവിധ രാജ്യങ്ങളിൽ നിന്ന് പുതുതായി വരുന്ന അഹ്മദികൾ തങ്ങളുടെ സമ്പത്ത് അല്ലാഹുവിന്റെ മാർഗത്തിൽ ഒരു മത്സരമാണെന്ന് തോന്നുന്നവിധത്തിൽ ചെലവഴിച്ച്കൊണ്ടിരിക്കുന്നു.

ഇന്ന് ലോകം ഭൗതിക സുഖ സൗകര്യങ്ങൾക്കായി തങ്ങളുടെ സമ്പത്ത് ചെലവഴിക്കുമ്പോൾ അല്ലെങ്കിൽ അതിന് ആഗ്രഹിക്കുമ്പോൾ അഹ്മദികൾ അതിന് രണ്ടാം സ്ഥാനം കൽപ്പിച്ച് കൊണ്ട് ദീനിന് വേണ്ടി ത്യാഗം ചെയ്ത് കൊണ്ടിരിക്കുന്നു. ലോകത്തിന്റെ കണ്ണുതുറക്കുന്നതിനായി അഹ്മദികളുടെ ഈ ത്യാഗങ്ങൾ ഞാൻ മനസ്സിലാക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യസാക്ഷ്യത്തിന് മതിയായ തെളിവാണ്. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക, എല്ലായിടങ്ങളിലും ത്യാഗങ്ങളുടെ ഈ ദൃശ്യം കാണാൻ സാധിക്കുന്നതാണ്. ത്യാഗം ചെയ്യുന്ന ആളുകളെ കാണാൻ സാധിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്ദേശം മനസ്സിലാക്കാനും അതനുസരിച്ച് പൂർണ്ണമായും പ്രവർത്തിക്കുന്നതിനും ഇവർ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നു. അതുകൊണ്ട് ഏതുവരെ നാം ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകിക്കൊണ്ട് ഈ പരിശ്രമം തുടരുന്നുവോ അതുവരെ ഒരു ശത്രുവിനും നമ്മുടെ രോമത്തിൽ തൊടാൻ പോലും സാധ്യമല്ല. ഇൻശാഅ് അല്ലാഹ്.

ഈമാനിക വർദ്ധനവിനായി ഈ കാലഘട്ടത്തിലെ ത്യാഗങ്ങളുടെ ഏതാനും സംഭവങ്ങൾ ഞാൻ കേൾപ്പിക്കാം. ആദ്യത്തേത് ഞാൻ ഇന്ത്യയിൽ നാസിം മാൽ വഖ്ഫെ ജദീദിന്റെ റിപ്പോർട്ടിൽ നിന്ന് എടുത്തതാണ്. പറയുന്നു: "വിനീതൻ ഇൻസ്പെക്ടർ വഖ്ഫെ ജദീദിന്റെ കൂടെ കേരളത്തിലെ കരുളായി ജമാഅത്തിൽ വഖ്ഫെ ജദീദിന്റെ ബജറ്റ് തയ്യാറാക്കുന്നതിനായി പോയി. അവിടെ എത്തിയപ്പോൾ ഒരു മുഖ്ലിസായ സഹോദരനെ കാണാൻ സാധിച്ചു. അദ്ദേഹം പറഞ്ഞു: "ഞാൻ ഇപ്പോൾ പുതുതായി ഒരു ഫർണിച്ചറിന്റെ കച്ചവടം തുടങ്ങിയിരിക്കുകയാണ്. എന്റെ പുതിയ വർഷത്തെ വഖ്ഫെ ജദീദിലേക്കായി വാഗ്ദാനം 4 ലക്ഷം രൂപ എഴുതിയാലും. അതുകൂടാതെ ഈ ബിസ്നസ്സിൽ നിന്ന് എനിക്ക് ലഭിക്കുന്ന ലാഭത്തിൽ നിന്ന് മറ്റു ചന്ദകൾ കൂടാതെ 10% വഖ്ഫെജദീദ് ചന്ദയും നൽകുന്നതായിരിക്കും." അങ്ങനെ അല്ലാഹു അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ പുതിയ ബിസ്നസ്സ് നല്ല നിലയിൽ ഓടാൻ തുടങ്ങി. ദിവസേനയുള്ള വരുമാനത്തിൽ നിന്ന് അദ്ദേഹത്തിന്റെ ചന്ദകളുടെ കണക്ക് മാറ്റിവെക്കണം എന്ന് അദ്ദേഹം തന്റെ ഭാര്യയോട് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. മുഴുവൻ വർഷത്തെയും കണക്ക് നോക്കിയപ്പോൾ വഖ്ഫെ ജദീദിന്റെ ചന്ദ അഞ്ചര ലക്ഷം രൂപയുണ്ടായിരുന്നു. അത് അദ്ദേഹം നൽകി. പറയുന്നു: "അടുത്തവർഷം ഞാൻ 10% ത്തിന് പകരം ലാഭത്തിന്റെ 25% ചന്ദയായി നൽകുന്നതായിരിക്കും."

ഇന്ത്യയിൽ നിന്ന് തന്നെ വഖ്ഫെ ജദീദിന്റെ ഇൻസ്പെക്ടർ സാഹിബ് വിവരിക്കുന്നു: "2011 മാർച്ചിൽ വിനീതൻ ജമാഅത്ത് അഹ്മദിയ്യ ബിഥാരിയിൽ വഖ്ഫെ ജദീദിന്റെ ബജറ്റ് ഉണ്ടാക്കുന്നതിനായി എത്തി. ഞാൻ ഒരു വനിതയോട് അഹ്മദികളും മുസ്ലിംങ്ങളുമായിട്ടുള്ള വനികളുടെ ജീവിതത്യാഗങ്ങളെക്കുറിച്ചും ധനത്യാഗത്തെക്കുറിച്ചുമുള്ള സംഭവങ്ങൾ കേൾപ്പിച്ചപ്പോൾ അവർ തന്റെ ഒരു മാസത്തെ ശമ്പളത്തോളം വരുന്ന തുക വാഗ്ദാനമായി എഴുതിക്കുകയുണ്ടായി. ഒരു സാധാരണ ടീച്ചറായിരുന്നു അവർ. അത്ര വലിയ വരുമാനം ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. നല്ല നിലയിൽ ചിലവുകൾ കഴിഞ്ഞ് പോകുന്നതിനായി 5000 രൂപയായിരുന്നു അവരുടെ ശമ്പളം. അത് അവർ എഴുതിച്ചു. പറയുന്നു. പിന്നീട് ഞാൻ മറ്റൊരു സ്ഥലത്ത് ചെന്നു. അവിടെയാണ് ആ വനിതയുടെ പിതാവ് താമസിച്ചിരുന്നത്. അദ്ദേഹം ജമാഅത്തിന്റെ സദർ കൂടിയായിരുന്നു. അദ്ദേഹത്തോട് പറഞ്ഞു: " താങ്കളുടെ മകൾ വലിയ ത്യാഗം ചെയ്തിരിക്കുന്നു. അതുകേട്ട് അദ്ദേഹം സന്തോഷം കൊണ്ട് കരയാൻ തുടങ്ങി. അദ്ദേഹം തന്റെ

മൂത്ത മകളെ വിളിച്ചു എന്നിട്ട് പറഞ്ഞു. നിന്റെ സഹോദരി ഇത്ര മാത്രം ത്യാഗം ചെയ്തിരിക്കുന്നു. നീ അവളെക്കാൾ വലിയവളാണ്. നീ എന്താണ് പറയുന്നത്. അവൾ ഉടൻ തന്നെ ആ വാഗ്ദാനത്തിൽ 1000 രൂപ വർദ്ധിപ്പിച്ച് തന്റെ വാഗ്ദാനം എഴുതിച്ചു. ഞാൻ മൂത്തതാണ്. അത്കൊണ്ട് ഞാൻ കൂടുതൽ നൽകും. ഇനിനോക്കൂ. ഏതാനും വർഷം മുമ്പ് അഹ്മദിയ്യത്തിൽ പ്രവേശിച്ചവരുടെ ആത്മാർഥതയുടെയും ത്യാഗത്തിന്റെയും അവസ്ഥ എന്താണ്.

മാലിയിലെ അമീർ സാഹിബ് പറയുന്നു: ''നമ്മുടെ ജമാഅത്തിലെ ഒരു സഹോദരൻ തറാവറെ സാഹിബ് യൂണിയൻ കൗൺസിലിൽ ജോലി ചെയ്യുന്നു. അദ്ദേഹം ചന്ദയിൽ കൃത്യനിഷ്ഠ പുലർത്തുന്ന വ്യക്തിയാണ്. ധനത്യാഗത്തിൽ മുന്നിട്ട് നിൽക്കുന്ന ആളാണ്. അദ്ദേഹം പറയുകയുണ്ടായി. ജനസംഖ്യ കണക്കെടുപ്പിനായി 32 അംഗങ്ങളുള്ള ഒരു ടീം തയ്യാറാക്കുകയുണ്ടായി. പറയപ്പെട്ടു. ഒരുമാസം തുടർച്ചയായി ജോലി ചെയ്യണം. ഒരു ദിവസം പോലും അവധിയെടുക്കാൻ പാടില്ല. ഇതിന് പ്രതിഫലമായി ഒരുലക്ഷം ഫ്രാങ്ക് ആ ടീമിലുള്ള എല്ലാവർക്കും ലഭിക്കുന്നതായിരിക്കും. പറയുന്നു. അങ്ങനെ ഞങ്ങൾ കരാർ ചെയ്തു. എന്നാൽ ജോലി അവസാനിക്കാൻ 6 ദിവസം ബാക്കിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ റീജണിലെ ഥാന റീജണിലെ ഇജ്തിമാ വന്നു. ജലസ വന്നു, പറയുന്നു:''ആദ്യം വിചാരിച്ചു ജമാഅത്തിനോട് ഖേദം പ്രകടിപ്പിക്കാം. ജലസയിൽ പങ്കെടുക്കാൻ സാധിക്കുകയില്ല. എന്നാൽ പിന്നീട് എന്റെ ഹൃദയം തീരുമാനിച്ചു. ഞാൻ എന്ത് തന്നെയായാലും ജമാഅത്തിന്റെ പ്രവർത്തിക്ക് പ്രാമുഖ്യം നൽകണം. ഞാൻ ഇത് പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ ജോലിയാണ് ഒന്നാമതായിട്ടുള്ളത്. ഒരുലക്ഷം ലഭിച്ചില്ലയെങ്കിൽ വേണ്ട. അങ്ങനെ ഞാൻ ജോലി ഉപേക്ഷിച്ച് ജലസയിൽ പോകാനുള്ള പ്രോഗ്രാം തയ്യാറാക്കി. എന്റെ മറ്റു കൂട്ടുകാർ എന്നെ പഴി പറയാൻ തുടങ്ങി. എന്തിനാണ് പണം പാഴാക്കി പോകുന്നത്, ഞാൻ ജലസയിൽ നിന്ന് വിരമിച്ച് ഒരാഴ്ച്ചക്ക് ശേഷം തിരിച്ച് വന്നപ്പോൾ ആ പ്രദേശത്തെ മേയർ പറഞ്ഞു:''നിങ്ങൾ കരാർ ലംഘിച്ചുകൊണ്ടാണ് പോയത്. എന്നാൽ എന്റെ ഹൃദയം ഇപ്രകാരം ചിന്തിച്ചു. നിങ്ങൾ അല്ലാഹുവിന് വേണ്ടിയാണ് പോയത്. അത്കൊണ്ട് ഞാൻ താങ്കൾക്കായി ഒരു ലക്ഷം സിഫ മാറ്റി വെച്ചിട്ടുണ്ട്. അത് എന്നിൽ നിന്ന് വാങ്ങിയാലും.'' പറയുന്നു. ഇതിന് ശേഷം ഡെപ്യൂട്ടി മേയർ വിളിപ്പിച്ചു. അദ്ദേഹമായിരുന്നു ജോലിയുടെ മേൽനോട്ടക്കാരൻ. അദ്ദേഹവും ഇത് തന്നെ പറയുന്നു: ''നിങ്ങൾ പോയിരുന്നു. എന്നിരുന്നാലും എന്റെ ഹൃദയത്തിൽ എന്തുകൊണ്ടാണ് അറിയില്ല. താങ്കൾക്കും നൽകണം എന്ന് തോന്നി.'' അങ്ങനെ അദ്ദേഹവും അദ്ദേഹത്തിനായി വെച്ചിരുന്ന ഒരു ലക്ഷം നൽകി. പിന്നീട് എക്കൗണ്ട്സിന്റെ ഇൻച്ചാർജ് തന്റെ ഓഫീസിലേക്ക് വിളിപ്പിച്ചു. അദ്ദേഹവും അദ്ദേഹത്തിന് 1 ലക്ഷം നൽകിക്കൊണ്ട് പറഞ്ഞു:''നിങ്ങൾ നിർബന്ധിതാവസ്ഥയിൽ ആയിരുന്നു. അതുകൊണ്ട് താങ്കൾക്കായി ഞാൻ ഒരു ലക്ഷം വച്ചിരുന്നു. അത് വാങ്ങിയാലും. എന്നാൽ ഇത് ആരോടും പറയരുത്.'' മൂന്ന് പേരും ഇതുതന്നെയാണ് പറഞ്ഞത്. മറ്റാരോടും പറയരുത്. ഞാൻ എന്റെ മറ്റു സുഹൃത്തുക്കളോട് ചോദിച്ചപ്പോൾ ഓരോരുത്തരുടെയും ലഭിച്ച അലവൻസിൽ വിവിധ കാരണം കൊണ്ട് കുറവ് ഉണ്ടായിരുന്നു. ഒരാൾക്ക്പോലും മുഴുവൻ ഒരു ലക്ഷം ഫ്രാങ്ക് ലഭിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ എനിക്ക് മൂന്ന് ലക്ഷം ഫ്രാങ്ക് അലവൻസായി ലഭിച്ചു. ഇത് കേവലം ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകിയതിന്റെ ഫലം കൊണ്ട് മാത്രമായിരുന്നു. അങ്ങനെ അദ്ദേഹം 20,000 ഫ്രാങ്ക് ചന്ദയും അതിൽ നിന്ന് നൽകുകയുണ്ടായി.

മറ്റൊരു ഉദാഹരണം ഗാമ്പിയായിൽ നിന്നാണ്. അമീർ സാഹിബ് എഴുതുന്നു. ഒരു ദിവസം ഒരു സുഹൃത്ത് പൂത്തു തറാബലസ് സാഹിബ് ഓഫീസർ വന്നുകൊണ്ട് പറഞ്ഞു. അദ്ദേഹം ആയിരം ഡലാസി ചന്ദ നൽകാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു. എനിക്ക് ജനങ്ങളിൽ കടം ബാക്കി വെക്കാൻ സാധിക്കും. എന്നാൽ അല്ലാഹുവിൽ കടം ബാക്കിവെക്കാൻ സാധ്യമല്ല. ഈ വ്യക്തി, ദരിദ്രനും ആവശ്യക്കാരനുമാണ്. തന്റെ കുടുംബത്തെ വളരെ ബുദ്ധിമുട്ടിയാണ് നോക്കുന്നത്. എന്നാൽ ധനത്യാഗത്തിൽ എല്ലായിപ്പോഴും നിസാമിനെ അനുസരിക്കുന്നു. എന്തെങ്കിലും നൽകാൻ എല്ലായിപ്പോഴും തയ്യാറായിരിക്കും. അദ്ദേഹം കുറച്ച് കാലത്തിന് ശേഷം പറഞ്ഞു. ഞാൻ ആയിരം ഡലാസി ചന്ദയായി നൽകി. അതിന് കുറച്ച് കാലത്തിന് ശേഷം അദ്ദേഹത്തിന് എവിടെ നിന്നോ അതിനേക്കാൾ കൂടുതൽ പണം ലഭിച്ചു. പറയുന്നു. എന്റെ വിശ്വാസമാണ് എപ്പോഴെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്തിട്ടുണ്ടോ അപ്പോഴെല്ലാം അല്ലാഹു അതനുസരിച്ച് അല്ല അതിൽ കൂടുതലായി അനുഗ്രഹം നൽകിയിട്ടുണ്ട്. ഇതാണ് സ്വയേച്ചയേക്കാൾ അല്ലാഹുവിനെ മുന്തിക്കുകയെന്നത്.

ഇനി സിറാലിയൂണിലെ സംഭവമാണ്. ഇത് ഞാൻ ഏതാനും സംഭവങ്ങൽ വിവിധ രാജ്യങ്ങളിൽ നിന്ന് എടുത്തതാണ്. ഇത്തരത്തിലുള്ള ഒരുപാട് സംഭവങ്ങൾ ഉണ്ട്.

മുക്കെനിടിലെ മുബല്ലിഗ് സിൽസില എഴുതുന്നു. കുമരാ സാഹിബ് ഒരു മുഖ്ലിസായ അഹ്മദിയാണ്. സാമ്പത്തികമായി ബലഹീനനാണ്. തഹ്‌രീക് ജദീദിന്റെ ചന്ദയുടെ വസൂലിക്കായി ഇദ്ദേഹത്തിന്റെ ഗ്രാമത്തിൽ പോയപ്പോൾ മനസ്സിലാക്കാൻ സാധിച്ചു. അദ്ദേഹത്തിന്റെ ചന്ദ അൽപം കുടിശ്ശികയുണ്ട്. വർഷവും അവസാനിക്കുകയായിരുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ, അദ്ദേഹത്തിന്റെ വീടിന്റെ അവസ്ഥ നമുക്ക് ഈ സ്ഥലത്ത് ഇരുന്ന്കൊണ്ട് ഊഹിക്കാൻ സാധ്യമല്ല. അദ്ദേഹം പറഞ്ഞു. എന്റെ പക്കൽ കേവലം 20 കപ്പ് അരി വാങ്ങുന്നതിനുള്ള പണം മാത്രമാണുള്ളത്. നാളെ വൈകുന്നേരം വരെ വീട്ടിൽ ഭക്ഷണം തയ്യാറാക്കുന്നതിനായി ആകെയുള്ള പണം. ഒരു ദിവസത്തിനുള്ള ഭക്ഷണത്തിനുള്ള പണംമാത്രമാണെന്നാണ് എനിക്ക് തോന്നുന്നത്. ഇനി എവിടെ നിന്നെങ്കിലും പണം ലഭക്കുമെന്ന പ്രതീക്ഷയും ഇല്ല. എന്നാൽ ഞാൻ ഈ പണം കുടിശ്ശിക തീർക്കുന്നതിനായി നൽകുകയാണ്. ഒന്നുംതന്നെ വകവെച്ചില്ല. ഞാൻ ഭാര്യാമക്കളോട് പറഞ്ഞിട്ടുണ്ട് അല്ലാഹു സ്വയം ഭക്ഷണത്തിനുള്ള സംവിധാനമൊരുക്കും. പറയുന്നു. അതേ രാത്രി അദ്ദേഹത്തിന്റെ ഒരു സഹോദരി മറ്റൊരു ഗ്രാമത്തിൽ നിന്ന് ഒരു ചാക്ക് അരി സമ്മാനമായി അയച്ച്കൊടുത്തു. അല്ലാഹു ഈ വിധത്തിൽ സംവിധാനമൊരുക്കി.

ഐവറികോസ്റ്റിലെ മുബല്ലിഗ് വിവരിക്കുന്നു. ഒരു നവ അഹ്മദി യുവാവ് ഹാറുൻ സാഹിബ് സാന്ദ്ര പട്ടണത്തിൽ മുട്ടക്കച്ചവടം നടത്തുന്ന ആളാണ്. പ്രാദേശിക മുഅല്ലിം അദ്ദേഹത്തോട് തർബിയ്യത്തി സെന്ററിൽ പോയി തർബിയ്യത്ത് നേടുന്നതിനായി പ്രേരിപ്പിച്ചപ്പോൾ അദ്ദേഹം ഉടൻതന്നെ തയ്യാറാവുകയും തന്റെ ഒരു സുഹൃത്തിന്റെ കൂടെ അടംബോവിലുള്ള തർബിയ്യത്തി സെന്ററിൽ എത്തിച്ചേരുകയും മൂന്ന് മാസത്തെ കോഴ്സ് പൂർത്തിയാക്കുകയും അങ്ങനെ അഹ്മ്മദിയ്യത്തിനെക്കുറിച്ചുള്ള തന്റെ അറിവ് വിശാലമാക്കുകയും ചെയ്തു. അല്ലാഹുവിന്റെ ജോലിക്കായി പോവുകയാണ്. അത്കൊണ്ട് കച്ചവടം അല്ലാഹുവിൽ തവക്കൽ ചെയ്തുകൊണ്ട് തന്റെ ഒരു ചെറിയ സഹോദരനെ ഏൽപ്പിച്ചു. അല്ലാഹു നശിപ്പിക്കുകയില്ല എന്ന പ്രതീക്ഷയും ദൃഢവിശ്വാസവുമായിരിന്നു. മൂന്ന് മാസത്തെ കോഴ്സ് പൂർത്തിയാക്കിയതിന്

ശേഷം തിരിച്ച് വന്നപ്പോൾ പറയുന്നു: "എന്റെ അത്ഭുതത്തിന് പരിധിയില്ലാതായിത്തീർന്നു. ഒരു അസാധാരണമായ ലാഭം ഈ കാലത്ത് ലഭിച്ചു. അത് അദ്ദേഹം ഉണ്ടായിരിക്കെപോലും ലഭിക്കുമായിരുന്നില്ല. പിന്നീട് അദ്ദേഹം തന്റെ ചന്ദ 500 ൽ നിന്ന് വർദ്ധിപ്പിച്ച് 1000 ഫ്രാങ്ക് ആക്കി. പിന്നീട് അല്ലാഹു അതിൽ കൂടുതൽ അനുഗ്രഹം ചൊരിഞ്ഞു. അപ്പോൾ അദ്ദേഹം ചന്ദ കൂടുതൽ വർദ്ധിപ്പിച്ചു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇദ്ദേഹം 4000 ഫ്രാങ്ക് ഓരോ മാസവും ചന്ദ നൽകുന്നുണ്ട്. തഹ്‌രീക് ജദീദ് വഖ്ഫ് ജദീദ് പേരുകളിൽ സ്വയം പങ്കാളിയാവുകമാത്രമല്ല ചെയ്തിട്ടുള്ളത് മറിച്ച് തന്റെ വഫാത്തായ മാതാപിതാക്കളേയും- അവർ അഹ്മദികളായിരുന്നില്ല എന്ന് തോന്നുന്നു-അവരേയും പങ്കാളികളാക്കിയിരിക്കുന്നു. അതെ, നവ അഹ്മദിയാണ്. മാതാപിതാക്കൽ അഹ്മദികളായിരുന്നില്ല. അവരുടെ ഭാഗത്ത് നിന്നും നൽകുന്നു.

അമീർ സാഹിബ് ബുർക്കിനോഫാസൂ വിവരിക്കുന്നു. ഫോബ പട്ടണത്തിലെ ഒരു നവ അഹ്മദി സുഹൃത്ത് ഹസൻ ജമാൽ സാഹിബ് പറയുന്നു. ഞാൻ ഖുത്വുബ ജുമായിൽ വഖ്ഫെ ജദീദിന്റെ പ്രാധാന്യത്തെക്കുറിച്ച് കേട്ടതിനുശേഷം എനിക്ക് മുഴുവൻ രാത്രിയും ഉറങ്ങാൻ സാധിച്ചില്ല. ജമാഅത്ത് ഇത്ര വലിയ വലിയ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. നാം അതിൽ പൂർണ്ണമായും ഭാഗവാക്കാകുന്നില്ല. അതിന് അടുത്ത ദിവസം 4500 ഫ്രാങ്ക് ചന്ദ വഖ്ഫെ ജദീദ് നൽകി. എന്നാൽ അടുത്ത രാത്രിയും വളരെ അസ്വസ്ഥതയോടെയാണ് കഴിച്ച്കൂട്ടിയത്. പിന്നീട് അടുത്ത ദിവസം വീണ്ടും മിഷൻ ഹൗസിൽ വന്നു. വീണ്ടും 4500 ഫ്രാങ്ക് നൽകി എന്നിട്ട് പറഞ്ഞു. ഇപ്പോൾ എനിക്ക് സമാധാനമായിരിക്കുന്നു.

സ്വിറ്റ്സർലന്റിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു. നമ്മുടെ ഒരു ആഫ്രിക്കൻ അഹ്മദി സഹോദരൻ ഇദ്‌രീസ് സാഹിബ് നൈജീരിയക്കാരനാണ്. അദ്ദേഹം ഒരു ഇന്റർനാഷണൽ ഓഫീസിൽ ഉദ്യോഗസ്ഥനാണ്. അദ്ദേഹം സ്വിറ്റ്സർലന്റിൽ വന്നപ്പോൾ ഒറ്റയടിക്ക് 9000 ഫ്രാങ്ക് പള്ളിയിലേക്ക് അയച്ചുതന്നു. കൂടെതന്നെ ഫോൺ നമ്പറും എഴുതിയിരുന്നു. പറയുന്നു: "ഇത് പുതിയ പേരായതിനാൽ ഒരുപാട് അത്ഭുതം തോന്നി. ഇത് ആരാണെന്ന് അറിയുന്നതിനായി ഞാൻ ഫോണിൽ ബന്ധപ്പെട്ടപ്പോൾ താങ്കൾ ഇത്ര വലിയ സംഖ്യ ബാങ്കിൽ അടച്ചിരിക്കുന്നു ഇത് എന്തിന് വേണ്ടിയാണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ ഇവിടെ സ്വിറ്റ്സർലന്റിൽ വന്നിട്ട് 3 മാസമായി. അതുകൊണ്ട് എന്റെ ചന്ദ അയച്ചതാണ്. അപ്പോൾ മുബല്ലിഗ് പറഞ്ഞു. മൂന്ന് മാസത്തെ ചന്ദ ഇത്രത്തോളം ഉണ്ടാവുകയില്ല. അദ്ദേഹം പറഞ്ഞു. ആറ് മാസം ഞാൻ മറ്റൊരു രാജ്യത്തായിരുന്നു. അവിടെ ജമാഅത്ത് ഉണ്ടായിരുന്നില്ല. ആ ചന്ദയും എന്നിൽ കുടിശ്ശികയുണ്ടായിരുന്നു. അതുകൊണ്ടാണ് ഞാൻ ഈ മുഴുവൻ തുകയും അടച്ച് തന്നിരിക്കുന്നത്." അതായത് 9000 ഫ്രാങ്ക്. ഇതാണ് ഈ ആളുകളിലുള്ള ഈമാന്റെ നിലവാരം. ജനങ്ങൾക്ക് അറിയുമായിരുന്നില്ല എന്നാൽ അല്ലാഹുവിന് അറിയും. അതുകൊണ്ട് അല്ലാഹുവുമായി ഇവർ കണക്ക് എപ്പോഴും ശരിയാക്കി വെക്കുന്നു.

മറ്റൊരു അഹ്മദി സുഹൃത്ത് പാകിസ്ഥാനി, അദ്ദേഹം സ്വിറ്റ്സർലന്റിൽ ഒരു കമ്പനിയിൽ ജോലി ചെയ്യുകയായിരുന്നു. അദ്ദേഹം ചന്ദയായി 5000 സ്വിറ്റ് വാഗ്ദാനമായി എഴുതിച്ചു. കമ്പനിയിൽ നിന്ന് 5000 ബോണസായി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ കൂടെ തന്നെ അദ്ദേഹം ചിന്തിച്ചിരുന്നു. ലഭിക്കുന്ന ബോണസിൽ നിന്ന് അൽപം സ്വന്തം കാര്യങ്ങൾക്ക് വേണ്ടിയും ചെലവഴിക്കണം. പിന്നീട് അദ്ദേഹത്തിന് അറിയാൻ കഴിഞ്ഞത് ചന്ദയും ഇത്രത്തോളം എഴുതിയിട്ടുണ്ട് അത് നൽകേണ്ട സമയം അടുത്തുതന്നെയാണ്. അങ്ങനെ അദ്ദേഹം അതെല്ലാം ചന്ദയായി നൽകുകയുണ്ടായി. തന്റെ ആവശ്യം അതിനെ പിന്നോട്ട് വലിച്ചെറിഞ്ഞു. പിന്നീട് അദ്ദേഹം പറയുന്നു. അല്ലാഹു എന്നിൽ അനുഗ്രഹം ചൊരിയുകയും 5000 ത്തിന് പകരം 10000 മായി രണ്ടിരട്ടി വർദ്ധിപ്പിച്ച് കമ്പനി നൽകുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തിന്റെ വ്യക്തിപരമായ ആവശ്യവും പൂർത്തിയായി. വഖ്ഫെ ജദീദിന്റെ വാഗ്ദാനവും പൂർത്തിയായി.

ഇത്പോലെ തന്നെ നമ്മുടെ മുബല്ലിഗ് സിൽസില ബെനിൻ എഴുതുന്നു. നമ്മുടെ ജമാഅത്തിലെ ഒരു മുഅല്ലിം ചന്ദ വാങ്ങുന്നതിനായി ഒരു സ്ഥലത്ത് ചെന്നപ്പോൾ തഹ്‌രീക് ജദീദിന്റെ അബ്ദുൽ ലത്തീഫ് സാഹിബ് 3100 ഫ്രാങ്ക്സിഫ ചന്ദയായി നൽകിയിട്ട് പറഞ്ഞു. അല്ലാഹു കൂടുതൽ വരുമാനം നൽകുകയാണെങ്കിൽ കൂടുതൽ ചന്ദ അയക്കുന്നതായിരിക്കും. ദുആ ചെയ്താലും. അല്ലാഹു ഇപ്രകാരം പ്രവർത്തിച്ചു. അതേ ആഴ്ച തന്നെ അബ്ദുൽ ലത്തീഫ് സാഹിബ് മുഅല്ലിം സാഹിബിനെ വിളിപ്പിച്ചു. കൂടുതലായി 7000 ഫ്രാങ്ക് സിഫ ചന്ദയായി നൽകിയിട്ട് പറഞ്ഞു: "ഞാൻ നിങ്ങൾക്ക് 3100 ഫ്രാങ്ക് സിഫ ചന്ദയായി നൽകിയ ദിവസം ഒരു രോഗി വന്നു. അദ്ദേഹത്തെ ചികിത്സിച്ചതിന് അദ്ദേഹം എനിക്ക് 34000 രൂപ നൽകി. എന്നിട്ട് എനിക്ക് തിരിച്ചു പോകാൻ പണമില്ല എന്ന് പറഞ്ഞ് കൊണ്ട് മൂവായിരം രൂപ തിരിച്ചുവാങ്ങി അങ്ങനെ എനിക്ക് 31000 രൂപ നൽകി. ഉടൻതന്നെ എന്റെ ഹൃദയം സാക്ഷീകരിച്ചു. അല്ലാഹു എനിക്ക് യഥാർഥത്തിൽ 10 ഇരട്ടിയായി തന്നിരിക്കുന്നു. 3100 ന് പകരം 31000. അത്കൊണ്ട് ഞാൻ ഈ ചന്ദ വർദ്ധിപ്പിച്ച് നിങ്ങൾക്ക് 7000 നൽകുകയാണ്."

അതുപോലെതന്നെ നമ്മുടെ ലൈബീരിയായിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു. ഒരു സ്ഥലത്ത് പര്യടനത്തിനായി പോയപ്പോൾ 8 വയസ്സുള്ള ഒരു കുട്ടിയെ കണ്ടു. അവൻ ചെറിയ ചെറിയ ജോലികളെല്ലാം ചെയ്തുകൊണ്ടിരുന്നു. വെള്ളം കൊണ്ടുവരിക, ബാഗ് എടുത്ത് വെക്കുക മുതലായ. വലിയ ആവേശത്തോടും ഉണർവോടും കൂടിയാണ് അവിടുത്തെ കുട്ടികൾ സേവനം ചെയ്തത്. അങ്ങനെ മുറബ്ബി സാഹിബ് സന്തോഷത്തോടെ അഞ്ച് ലൈബീരിയൻ ഡോളർ സമ്മാനമായി നൽകി. ലൈബീരിയൻ ഡോളർ വളരെ അധികം മൂല്യം കുറഞ്ഞതാണ്. നമസ്ക്കാരത്തിന് ശേഷം മുറബ്ബി സാഹിബ് ജമാഅത്ത് അംഗങ്ങളോട് തഹ്‌രീക് ജദീദ് ചന്ദ നൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു. കുട്ടികളെയും ഇതിൽ പങ്കാളികളാക്കുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ ആ കുട്ടി എഴുന്നേൽക്കുകയും തന്റെ പിതാവിന്റെ ചെവിയിൽ പോയി പറഞ്ഞു: "എനിക്കും ചന്ദ നൽകണം. എന്റെ കൈയ്യിൽ പണവുമുണ്ട്." അദ്ദേഹം പറഞ്ഞു: " നിന്റെ പക്കൽ ഉണ്ടെങ്കിൽ കൊടുത്തുകൊള്ളുക." അപ്പോൾ ആ ചെറിയ കുട്ടി അവന് നൽകിയിരുന്ന ആ അഞ്ച് ഡോളർ ചന്ദയായി നൽകുകയുണ്ടായി. ആ കുട്ടിയുടെ പെരുമാറ്റം മറ്റ് കുട്ടികളിലും സ്വാധീനം ചെലുത്തി. അവരും തങ്ങളുടെ മാതാപിതാക്കളിൽ നിന്ന് പണം വാങ്ങി. ഈ പദ്ധതിയിൽ പങ്കാളികളാകാൻ തുടങ്ങി.

കിർഗിസ്ഥാനിലെ മുബല്ലിഗ് എഴുതുന്നു. ജമിർ സാഹിബ് എന്ന ഒരു നവ അഹ്മദി സുഹൃത്ത് അദ്ദേഹം ഏകദേശം 3 വർഷം മുമ്പാണ് ബൈഅത്ത് ചെയ്തത്. 2008 ൽ ശതവാർഷിക ജൂബിലി ആഘോഷം സംഘടിപ്പിച്ചപ്പോൾ കേന്ദ്ര നിർദ്ദേശപ്രകാരം പ്രാദേശികമായും കുറച്ച് തുക സ്വരൂപിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശമ്പളം ആ സമയത്ത് 86 ഡോളർ ആയിരുന്നു.

ദരിദ്ര രാജ്യമാണ്. നമ്മുടെ മുബല്ലിഗ് ബിശാറത്ത് അഹ്‌മദ് സാഹിബ് അദ്ദേഹത്തോട് പറഞ്ഞു: “താങ്കളും ജൂബിലി ജലസക്കായി വാഗ്ദാനം എഴുതിച്ചാലും. അപ്പോൾ അദ്ദേഹം 40 ഡോളർ വാഗ്ദാനമായി എഴുതിച്ചു. അദ്ദേഹത്തിന് ശമ്പളം ലഭിച്ചപ്പോൾ നേരെ മിഷൻ ഹൗസിൽ വരികയും ഇത് പറഞ്ഞകൊണ്ട് തന്റെ വാഗ്ദാനം പൂർത്തിയാക്കി. വീട്ടിൽ പോയാൽ ചെലവായിപ്പോകും അങ്ങനെ 40 തിൽ അധികം ഡോളർ അവിടെ നൽകി. കേവലം 22 ഡോളറുമായി തന്റെ വീട്ടിലേക്ക് തിരിച്ചുപോയി. അല്ലാഹു അദ്ദേഹത്തിന്റെ ത്യാഗത്തെ വളരെയധികം പരിഗണിച്ചു. കുറച്ച് കാലത്തിന് ശേഷം അദ്ദേഹത്തിന് മറ്റൊരു അധിക ജോലി ലഭിച്ചു. അവിടെ അദ്ദേഹത്തിന് 185 ഡോളർ ശമ്പളം ലഭിക്കാൻ തുടങ്ങി. ഏകദേശം മൂന്ന് മാസമായി ഒരു അന്യരാജ്യത്ത് ജോലി ചെയ്ത്കൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ അദ്ദേഹത്തിന്റെ ശംബളം 770 ഡോളറാണ് വസിയ്യത്തും ചെയ്തിട്ടുണ്ട്. വസിയ്യത്തിന് ശേഷം താങ്കൾക്ക് 1/16 ന് പകരമായി 1/10 നൽകേണ്ടിവരുമെന്ന് മുറബ്ബി പറഞ്ഞപ്പോൾ അദ്ദേഹം പറയുകയുണ്ടായി. ഞാൻ എന്നാണോ ബൈഅത്ത് ചെയ്തത് അന്നുമുതൽ ഞാൻ 1/10 ആണ് നൽകിക്കൊണ്ടിരിക്കുന്നത്.

അതുപോലെ തന്നെ ഒരു നവ അഹ്‌മദി വനിത, കിർഗിസ്ഥാനിലെ ജെഗ്ജിത് സാഹിബ, വളരെ മുഖ്‌ലിസായ അഹ്‌മദിയാണ്. അവർ ബൈഅത്ത് ചെയ്തിട്ട് ഒരു വർഷമായിരിക്കുന്നു. ഈ കാലയളവിൽ അവർ ചന്ദ നൽകിയിരുന്നില്ല. അവരോട് ചന്ദയെക്കുറിച്ച് പറഞ്ഞപ്പോൾ, അതിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊടുത്തപ്പോൾ നിർബന്ധ ചന്ദകൾ ഏതെല്ലാമാണെന്നും സ്വന്തം ഇഷ്ടപ്രകാരം ഏതെല്ലാം ചന്ദകളാണ് നൽകേണ്ടത് എന്നെല്ലാം പറഞ്ഞുകൊടുത്തു. പള്ളിയിൽ വെച്ചാണ് ഇതെല്ലാം പറഞ്ഞ്കൊടുത്തുകൊണ്ടിരുന്നത്. ഉടൻതന്നെ അവർ അടുത്തദിവസം സദർ സാഹിബിനോട് പറഞ്ഞു: “ഞാൻ താങ്കളെ കാണാൻ ആഗ്രഹിക്കുന്നു.” സദർ സാഹിബ് പറഞ്ഞു: “ഞാൻ ഒരു ജോലിക്കായി പോവുകയാണ്.” എന്നാൽ അവർ പറഞ്ഞു: “എനിക്ക് തീർച്ചയായും താങ്കളെ കാണണം.” അങ്ങനെ അവർ വന്നു. 15000 കിർഗിസ് സെൻ അദ്ദേഹത്തിന് ചന്ദയായി നൽകി. സദർ സാഹിബ് പറഞ്ഞു: “ഇത്രവലിയ സംഖ്യ.” അവർ പറഞ്ഞു: “ഞാൻ പൂർണ്ണമായും കണക്ക് കൂട്ടി ഇതാണ് എന്റെ ഒരു വർഷത്തെ വരുമാനത്തിന്റെ ചന്ദ. അതുപോലെതന്നെ മറ്റു പദ്ധതികളിലേക്കുള്ള ചന്ദയുണ്ട്.” അങ്ങനെ അവർ മുഴുവൻ വർഷത്തെയും ചന്ദ നൽകി. ഇതാണ് നവ അഹ്‌മദികളുടെ ആത്മാർഥതയുടെയും കൂറിന്റെയും കഥകൾ. ഏതുവിധത്തിലാണ് അവരിൽ ത്യാഗങ്ങൾ ചെയ്യുന്നതിനുള്ള ആവേശം ഉണ്ടാകുന്നത്.

ഈ ഏതാനും സംഭവങ്ങൾക്ക് ശേഷം ഞാൻ വഖ്ഫെ ജദീദിന്റെ നവവർഷം വിളംബരം ചെയ്യുകയാണ്. കുറച്ച് കണക്കുകളും കേൾപ്പിക്കാം. ജനുവരി ഒന്നുമുതൽ വഖ്ഫെ ജദീദിന്റെ 54-ാംവർഷം ആരംഭിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആകെ ത്യാഗത്തിന്റെ കണക്ക് ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരുപാട് റിപ്പോർട്ട് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും മറ്റിടങ്ങളിൽ നിന്നും വരാറില്ല. അല്ലെങ്കിൽ വൈകി വരുന്നു. അതുകൊണ്ട് അത് ഉൾക്കൊള്ളിക്കാൻ സാധിക്കാറില്ല. ആകെ കണക്ക് 40,93,000 പൗണ്ടിൽ കൂടുതലാണ് വസൂലായിട്ടുള്ളത്. ഇത് കഴിഞ്ഞ വർഷത്തെ വസൂലിയേക്കാൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 5,10,000 പൗണ്ട് കൂടുതലാണ്. പാകിസ്ഥാൻ മുമ്പത്തേപോലെ തന്നെ ഒന്നാം സ്ഥാനത്താണ്. അവിടെ സാമൂഹികമായ അവസ്ഥ വളരെയധികം മോശമായിരുന്നിട്ടുകൂടി അവർ ത്യാഗത്തിൽ ഒരു കുറവും വരുത്തിയില്ല. അല്ലാഹു അവരുടെ സമ്പത്തിലും ജീവനിലും അളവറ്റ അനുഗ്രഹം ചൊരിയട്ടെ. തന്റെ സംരക്ഷണത്തിൽ വെക്കട്ടെ. എല്ലാ കുഴപ്പങ്ങളിൽ നിന്നും തന്റെ അഭയത്തിൽ വെക്കുമാറാകട്ടെ. അതിന് ശേഷം അമേരിക്കയാണ്, അമേരിക്കക്ക് ശേഷം ബ്രിട്ടൺ. ആദ്യം വിചാരിച്ചത് ബ്രിട്ടൺ രണ്ടാം സ്ഥാനത്തായിരിക്കുമെന്നാണ്. എന്നാൽ അമേരിക്കക്കാർ എനിക്ക് അയച്ച അവരുടെ അവസാന റിപ്പോർട്ടിനുശേഷം ബ്രിട്ടൺകാരെ അവർ അൽപം പിന്നിലാക്കി. വളരെ ചെറിയ ഒരു വ്യത്യാസമാണ് ഏകദേശം 11,000 പൗണ്ടിന്റെ. ആദ്യം തയ്യാറാക്കിയ ലിസ്റ്റിൽ ബ്രിട്ടൺ രണ്ടാം സ്ഥാനത്തായിരുന്നു. പിന്നീട് അമേരിക്കയുടെ റിപ്പോർട്ട് അനുസരിച്ച് ബ്രിട്ടനെ മൂന്നാം സ്ഥാനക്കാരാക്കേണ്ടതായി വന്നു. എന്നാൽ ബ്രിട്ടന്റെ വർദ്ധനവ് അത് ഒരു അസാധാരണമായ വർദ്ധനവാണ്. അത്ഭുതാവഹമാണ്. *അല്ലാഹു ഈ ചന്ദ നൽകുന്ന എല്ലാവരുടെയും സമ്പത്തിലും ജീവനിലും അളവറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.* ഇവിടെയും സാമൂഹിക അവസ്ഥ മോശമാണ്. മറ്റു ചെലവുകളുമുണ്ട്. ചന്ദകളുണ്ട്. പള്ളികളുടെ നിർമ്മാണത്തിലേക്കും ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതെല്ലാം ഉണ്ടായിട്ടും തഹ്‌രീക് ജദീദിലും വഖ്ഫ് ജദീദിലും അസാധാരണമായ വർദ്ധനവ് വരുത്തിയിരിക്കുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത് حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ എന്നത് അവരുടെ ആത്മാക്കൾക്ക് മനസ്സിലാക്കാൻ സാധിച്ചിരിക്കുന്നു എന്നാണ്. *അല്ലാഹു മറ്റുള്ള എല്ലാ വിധ നൻമകളിലും ഇവിടുത്തെ ജമാഅത്തിനെ പുരോഗമിക്കുന്നവരായിക്കിത്തീർക്കട്ടെ.* അതുപോലെ തന്നെ ലോകത്തിലെ എല്ലാ ജമാഅത്തുകളും യു.കെ ലജ്‌നകളും ഇതിൽ വളരെ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വളരെ വലിയ ഒരു എടുത്തുചാട്ടം നടത്തിയിട്ടുണ്ട്. തഹ്‌രീക് ജദീദിലും ഇപ്പോൾ വഖ്ഫെ ജദീദിലും. അല്ലാഹു എല്ലാ സഹോദരികൾക്കും പെൺകുട്ടികൾക്കും പ്രതിഫലം നൽകട്ടെ.

ബ്രിട്ടൺ മൂന്നാം സ്ഥാനത്താണ്. അതിന് ശേഷം ജർമ്മനിയാണ്. നാലാം സ്ഥാനത്ത് കാനഡ, പിന്നീട് ഇന്ത്യയാണ്. അതിന്ശേഷം ഓസ്ട്രേലിയ. പിന്നെ ഇന്തോനേഷ്യ, ബെൽജിയം, സ്വിറ്റ്സർലന്റ്. പ്രാദേശിക കറൻസിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് അതനുസരിച്ച് ഒന്നാം സ്ഥാനത്ത് ഇന്ത്യയാണ്. ഇവർ വളരെയധികം അസാധാരണമായ വർദ്ധനവ് വരുത്തിയിരിക്കുന്നു. ഏകദേശം 36 ശതമാനം. അതിന് ശേഷം ബെൽജിയമാണ്. ഇത് ചെറിയ ഒരു രാജ്യവും ചെറിയ ഒരു ജമാഅത്തും ആയിരുന്നിട്ടുകൂടി അവർ വളരെ വലിയ ഒരു കുതിപ്പ് നടത്തിയിരിക്കുന്നു. ഏകദേശം 30% വർദ്ധനവ് വരുത്തിയിരിക്കുന്നു. പിന്നീട് ആസ്ട്രേലിയ ആണ്. തുടർന്ന് ബ്രിട്ടനാണ്. അതിനുശേഷം ഇന്ത്യോനേഷ്യയാണ്. വ്യക്തികത തലത്തിൽ ചന്ദ നൽകിയ കണക്കനുസരിച്ച് അമേരിക്ക ഒന്നാം സ്ഥാനത്താണ്. അതിന്ശേഷം സ്വിറ്റ്സർലന്റ്, പിന്നീട് ബ്രിട്ടൺ, ബെൽജിയം. പിന്നീട് അയർലന്റ്.അമേരിക്ക അവരുടെ പരിധി എത്തിയിരിക്കുന്നതായിട്ടാണ് തോന്നുന്നത്. അവിടെനിന്ന് ഇനി ഏതുവരെ കൂടുതലായി അംഗങ്ങളിൽ വർദ്ധനവ് വരുത്തുന്നില്ലയോ അതുവരെ വർദ്ധനവ് സാധ്യമല്ല. എന്നാൽ ബ്രിട്ടനിൽ ഇനിയും ഒഴിവ് ഒരുപാട് ബാക്കിയുണ്ട്. അവർക്ക് സ്ഥാനം ഉയർത്താൻ സാധിക്കും.

ആഫ്രിക്കൻ രാജ്യങ്ങളിൽ വസൂലിയനുസരിച്ച് ആദ്യത്തെ അഞ്ച് രാജ്യങ്ങളിൽ 1. ഘാന 2. നൈജീരിയ 3. മൗറിഷ്യസ് 4.ബേക്കിനോഫാസോ 5.യുഗാണ്ട.

വഖ്ഫെ ജദീദിന്റെ ചന്ദ നൽകുന്നവരിൽ ഈ വർഷം

അല്ലാഹുവിന്റെ അനുഗ്രഹത്താൽ 90,000 വ്യക്തികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഏകദേശം ഈ സംഖ്യ 6 ലക്ഷത്തിന് അടുത്ത് എത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ഇനിയും ഒരുപാട് ഇടം ബാക്കിയുണ്ട്. ആഫ്രിക്കക്കാരോട് ഞാൻ പറഞ്ഞിരുന്നു ഇതിൽ കൂടുതൽ വർദ്ധനവ് വരുത്താൻ, വക്കാലത്തെ മാൽ ഇൻശാഅ് അല്ലാഹ് അവർക്ക് അംഗസംഖ്യയിൽ വർദ്ധനവ് വരുത്തുന്നതിനുള്ള ടാർഗറ്റും നൽകുന്നതായിരിക്കും. പുതുതായി വരുന്നവരേയും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) വളരെ ശക്തമായ ഭാഷയിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ധനത്യാഗസ്വഭാവം ആദ്യദിവസം മുതൽ തന്നെ ഉണ്ടാക്കിയെടുക്കേണ്ടതാണ്. ആഫ്രിക്കയിലെ ജമാഅത്തുകൽ ഇതിനായി പരിശ്രമിക്കുകയാണെങ്കിൽ ഇതിൽ ഒരുപാട് ഇടം ബാക്കിയുണ്ട്. വളരെ നല്ല വർദ്ധനവ് ഉണ്ടാകുന്നതാണ്. വക്കാലത്തെ മാലിൽ നിന്നും അവർക്ക് വരുന്ന ടാർഗറ്റ് അംഗസംഖ്യയെ സംബന്ധിച്ചത് എത്രതന്നെയായാലും അത് പൂർത്തിയാക്കാനായി പരിശ്രമിക്കുക. നിസ്സാര സംഖ്യ നൽകുകയാണെങ്കിൽ പോലും അംഗസംഖ്യയുടെ കാര്യത്തിൽ ഈ വർഷം നൈജീരിയ നൈജർ, സെറാലിയൂൺ, ബൊൽക്കിനോഫാസോ, സെനഗൽ, ബെനിൻ, യുഗാണ്ട മുതലായവർ അധികം പരിശ്രമിച്ചിട്ടുണ്ട്. ഘാനയോട് ഞാൻ പറഞ്ഞിരിക്കുന്നു വളരെ കുറച്ചെ ശ്രമിച്ചിട്ടുള്ളൂ. ഘാനക്കാർ തങ്ങളുടെ ശ്രമം വർദ്ധിപ്പിക്കേണ്ടതാണ്.

പ്രായപൂർത്തിയാവരുടെ കണക്കനുസരിച്ച് പാക്കിസ്ഥാനിലെ ആദ്യത്തെ മൂന്ന് സ്ഥാനം കരസ്ഥമാക്കിയ ജമാഅത്തുകൾ ഒന്നാം സ്ഥാനം ലാഹോർ, രണ്ടാം സ്ഥാനം റബ്‌വ, മൂന്നാം സ്ഥാനം കറാച്ചി. ജില്ലകളിൽ ആദ്യത്തെ 10 സ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്ത് സിയാൽക്കോട്ട്, റാവൽപിണ്ഢി, ഇസ്ലാമാബാദ്, ഫൈസലാബാദ്, ശൈഖ്പുര, സർഗോദ, ഗുജാവാല, ഉമർക്കോട്, ഗുജറാത്ത്, ബഹാവൽനഗർ.

അത്ഫാലുകളുടെ കണക്കനുസരിച്ച് ആദ്യത്തെ മൂന്ന് ജമാഅത്തുകൾ 1.ലാഹോർ 2.കറാച്ചി 3.റബ്‌വ. അത്ഫാലുകളുടെ ജില്ലകളുടെ സ്ഥാനം 1.സിയാൽകോട്ട് 2.റാവൽപിണ്ഢി 3.ഇസ്ലാമാബാദ് 4.ഫൈസലാബാദ് 5. ശൈഖുപുര 6.ഗുജറാംവാല 7.ഉമർകോട്ട് 8.സർഗോദ 9.നാരോപാൾ 10.ഗുജറാത്ത്.

വസൂലി അനുസരിച്ച് അമേരിക്കയിലെ ആദ്യത്തെ അഞ്ച് ജമാഅത്തുകൾ ലോസ് ഏഞ്ചലസ്, ഇംഗ്ലണ്ട് എംബയർ ഒന്നാം സ്ഥാനത്ത്, സിലിക്കൺ വാലി രണ്ടാം സ്ഥാനം ടെട്രയട് മൂന്നാം സ്ഥാനം, ഷിക്കാഗോ നാലാം സ്ഥാനം സിയാറ്റൽ അഞ്ചാം സ്ഥാനം.

ബ്രിട്ടനിലെ ആദ്യത്തെ 10 ജമാഅത്തുകൾ ഗ്രിൻസ് പാർക്ക് ഒന്നാം സ്ഥാനത്ത്, രണ്ടാം സ്ഥാനത്ത് ന്യൂ മോഡൺ, മൂന്നാം സ്ഥാനത്ത് വെസ്റ്റ് പാർക്ക് നാലാം സ്ഥാനത്ത് ഫസൽ മസ്ജിദ് അഞ്ചാം സ്ഥാനത്ത് വെസ്റ്റ്ട്രിയിന്റ് ആറാം സ്ഥാനത്ത് ബെർണിംഗം ഏഴാം സ്ഥാനത്ത് മനിസൂർഹം എട്ടാം സ്ഥാനത്ത് മാഞ്ചസ്റ്റർ സൗത്ത്, ഒമ്പതാം സ്ഥാനത്ത് ജലിംഗം പത്താം സ്ഥാനത്ത് സാർട്ട.

ബ്രിട്ടണിലെ റീജനുകൾ, അഞ്ച് റീജനുകളാണ് ഉള്ളത്. സൗത്ത് റീജൻ ഒന്നാം സ്ഥാനത്ത്, മിഡ്‌ലാന്റ്സ്, ലണ്ടൻ, ഇസ്ലാമാബാദ്.

ജർമ്മനിയിലെ അഞ്ച് റീജനുകൾ. ഹാംബർഗ് ഒന്നാം സ്ഥാനത്ത് ഫാംഗിഫ്രർട്ട് രണ്ട്, ഗ്ലാസഗോ മൂന്ന് ബാംസ്റ്റർ നാല്,ന്യംസ്സാൻ അഞ്ച്.

ജർമ്മനിയിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ, ന്യൂഡൻമാക്ക്. കോലോൻ, ഹോസ്ഹൈയിൻ, നോയഡ്, മിൽട. ഫുൽസ, ഹോയിസ് ബർഗ് ഫോൾഡ, മെഹ്ദിയാബാദ്, ഹേമാരാ, പഞ്ഞ്.

കാനഡയിലെ ആദ്യത്തെ ജമാഅത്തുകൾ, പീസ് വില്ലേജ് ഒന്നാം സ്ഥാനത്ത് ലേക്ക് സ്റ്റയിൽ, വെസ്റ്റേൺ സൗത്ത്, പിൻപെയ്ജ്, ഹാം മിങ്ങ്ഡൻ, കാനഡയിലെ ആദ്യത്തെ അഞ്ച് ജമാഅത്തുകൾ, വെസ്റ്റൻ സൗത്ത്.പീസ് വില്ലേജ് സൗത്ത്, വെസ്റ്റേൺ നോർത്ത്, ബർഹം അമേരിക്കൻ നോർത്ത്.

ഭാരതത്തിലെ ജമാഅത്തുകൾ. സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കേരള, തമിഴ്നാട്, ജമ്മു കശ്മീർ, ആന്ദ്രപ്രദേശ്, വെസ്റ്റ് ബംഗാൾ, കർണാടക, പഞ്ചാബ്, ഒറിസ്സ, ഉത്തർ പ്രദേശ്, മഹാരാഷ്ട്ര, ഡൽഹി.

വസൂലിയനുസരിച്ച് ഇന്ത്യയിലെ ജമാഅത്തുകൾ, കോഴിക്കോട്, കരുളായി, കണ്ണൂർ ടൗൺ, ഖാദിയാൻ, ഹൈദരാബാദ്, കോയമ്പത്തൂർ, കൊൽക്കത്ത, ചെന്നൈ, ബാംഗ്ലൂർ, ഋഷിനഗർ, കരുനാഗപള്ളി. *അല്ലാഹു ഈ എല്ലാവർക്കും ആരാണോ വഖ്ഫെ ജദീദിന്റെ ചന്ദയിൽ വളരെ ആവേശത്തോടെ ഭാഗവാക്കായത് അവരുടെ സമ്പത്തിലും ജീവനിലും അളവറ്റ അനുഗ്രഹം ചൊരിയട്ടെ.* അതോടൊപ്പം ഞാൻ അടുത്ത വർഷത്തെ വിളംബരവും നടത്തുകയാണ്. *അല്ലാഹു ഈ എല്ലാവർക്കും മുമ്പത്തേക്കാൾ ഉപരിയായി ത്യാഗങ്ങൾ ചെയ്യാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അവരുടെ ത്യാഗത്തിൽ അനുഗ്രഹവും ചൊരിയട്ടെ. ജമാഅത്തിന്റെ സമ്പത്തിലും അല്ലാഹു അളവറ്റ അനുഗ്രഹം വർഷിക്കട്ടെ.* ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് മാത്രമാണ് ജമാഅത്തിന് അതിന്റെ പദ്ധതികൾ നിലനിർത്താനും അത് പൂർത്തിയാക്കാനും അതിൽ കൂടുതൽ മനോഹാരിത ഉണ്ടാക്കാനും തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അത്കൂടാതെ മറ്റൊരു മാർഗവും തന്നെയില്ല. അതുകൊണ്ട് ദുആകളിൽ സമ്പത്തിൽ അനുഗ്രഹം ഉണ്ടാകുന്നതിനും ഒരുപാട് ദുആ ചെയ്യുക.

അവസാനമായി നമസ്കാരത്തിന് ശേഷം ഞാൻ ഒരു ജനാസ നമസ്ക്കരിപ്പിക്കും. ഈ ജനാസ നമ്മുടെ വളരെ പ്രസിദ്ധനായ കവി ബഹുമാനപ്പെട്ട അബ്ദുൽ മന്നാൻ നാഹിദ് സാഹിബിന്റെതാണ്. അദ്ദേഹം ഹദ്റത്ത് ഖാജ മുഹ്മ്മദിൻ സാഹിബ് (റ) ന്റെ മകനാണ്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ ജനാസയാണ്. ജനുവരി ഒന്നാം തിയ്യതി 93-ാം മത്തെ വയസ്സിൽ ഇദ്ദേഹം വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ മന്നാൻ സാഹിബ് ഒരു അഭിവന്ദ്യ കശ്മീരി കുടുംബത്തിൽ 1919 ൽ ജനിച്ചു. ഞാൻ പറഞ്ഞത്പോലെ പിതാവിന്റെ പേര് ഖാജ മുഹമ്മദ് ദീൻ എന്നായിരുന്നു. ഹദ്റത്ത് മുൻശി ഇസ്മാഈൽ സാഹിബ് സിയാൽ കോട്ടി (റ) മസീഹ് മൗഊദ് (അ) ന്റെ സഹാബി ഇദ്ദേഹത്തിന്റെ മാതാവിന്റെ പിതാവായിരുന്നു. ഹദ്റത്ത് അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) നാഹിദ് സാഹിബിന്റെ മാതാവ് നക്കിംബീവി സാഹിബിയുടെ അമ്മാവനായിരുന്നു. അവരുടെ വീട്ടിലാണ് ഇദ്ദേഹത്തിന്റെ മാതാവ് വളർന്നത്. ഖാദിയാനിലാണ് താമസിച്ചിരുന്നത്. അത്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വീട്ടിലും പോക്ക് വരവ് ഉണ്ടായിരുന്നു. അതുമൂലം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെയും ഹദ്റത്ത് അമ്മാജാന്റെയും സ്നേഹത്തിൽ നിന്നും ഇദ്ദേഹത്തിന്റെ മാതാവ് ഒരു വലിയ ഭാഗം കരസ്ഥമാക്കി. ബഹുമാനപ്പെട്ട നഹീദ് സാഹിബിനെ കവിതയോട് താൽപര്യമുള്ള ഒരുപാട് ആളുകൾക്ക് അറിയാൻ സാധിക്കും. പൊതുവിലും ജമാഅത്തിലുള്ള

എല്ലാവരും അറിയുന്നതിന് സാധിക്കുന്നതാണ്. വളരെ പ്രസിദ്ധനായ കവിയാണ്. അദ്ദേഹത്തിന്റെ ഗസലുകളും കവിതകളും വളരെ ആഴത്തിലുള്ളതായിരുന്നു. അടിസ്ഥാന വിദ്യാഭ്യാസം സിയാൽകോട്ടിൽ നിന്നാണ് അദ്ദേഹം നേടിയത്. 1940 ൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എ. എടുത്തു. 1941 ൽ കൂടുതൽ പഠിക്കുന്നതിനായി പ്രവേശനം നേടി. പിന്നീട് ജോലി ലഭിച്ചതിനാൽ അദ്ദേഹം പഠനം ഉപേക്ഷിച്ചു. 1942 ൽ മിലിറ്ററി എക്കൗണ്ടിൽ ചേർന്നു. ഈ വിഭാഗത്തിൽ നിന്ന് 1978 ൽ കൺട്രോളർ മിലിറ്ററി എക്കൗണ്ട് എന്ന സ്ഥാനത്തിരിക്കെ റിട്ടയറായി. വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. എവിടെയെല്ലാം ഉണ്ടായിരുന്നോ അവിടങ്ങളിലെല്ലാം ജമാഅത്തിന്റെ പ്രവർത്തനങ്ങളിലും ഭാഗവാക്കായി. വളരെയധികം ദീനീ ബോധമുള്ള എളിമയുടെയും വിനയത്തിന്റെയും പ്രതിഭയായിരുന്നു. വളരെ നല്ല കവിയായിരുന്നു. എന്നാൽ, തന്റെ ജൂനിയറായ യുവാക്കളായ കവികളെ എല്ലായിപ്പോഴും പ്രോത്സാഹിപ്പിച്ച്കൊണ്ടിരുന്നു. അദബോടും ബഹുമാനത്തോടും വളരെ നല്ല രീതിയിലാണ് സംസാരിക്കാനുണ്ടായിരുന്നത്. ജമാഅത്തിന്റെ കവിയരങ്ങുകളുടെ നിർബന്ധ ഘടകമായിരുന്നു അദ്ദേഹം. ഇവിടെയും ഒന്ന് രണ്ട് തവണ വന്നിട്ടുണ്ട്. കവിയരങ്ങുകളിൽ പങ്കെടുത്തു. ഖിലാഫത്ത് റാബിഅയുടെ സമയത്തും എന്റെ കാലത്തും ബൈഅത്തിന്റെ നിബന്ധനകൾ അനുസരിച്ച് പ്രവർത്തിക്കാനുള്ള ശ്രമമാണ് ഇദ്ദേഹം നടത്താറുണ്ടായിരുന്നു. വിശ്വാസതയുടെ വളരെ ഉന്നതമായ മാതൃകയായിരുന്നു ഇദ്ദേഹം. നമസ്കാരത്തിലും നോമ്പിലും കൃത്യനിഷ്ഠയുള്ള വ്യക്തിയും കൃത്യമായി തഹജ്ജുദ് നമസ്ക്കരിക്കുന്ന വ്യക്തിയായിരുന്നു. ദരിദ്രരോടുള്ള സഹാനുഭൂതി അവരോടുള്ള നല്ല പെരുമാറ്റം വളരെ ഉന്നതമായിരുന്നു. നേത്രങ്ങളെ കീഴ്പ്പോട്ടാക്കുന്ന ശീലം വളരെ അധികമായിരുന്നു. ഖലീഫമാരോട് ചെയ്ത ബൈഅത്ത് ജമാഅത്തിലെ മഹത്വുക്കളോടുള്ള അനുസരണം അഹ്മദിയ്യ ഖിലാഫത്തിന്റെ കാരണംകൊണ്ട് വളരെ അധികമായിരുന്നു. ഒന്നാം നിരയിലെ ആത്മാർഥ വ്യക്തികളിൽ പെട്ട ആളായിരുന്നു അദ്ദേഹം എന്ന് പറയേണ്ടിവരും.

ജമാഅത്തിന്റെ സാമ്പത്തിക ത്യാഗങ്ങളിൽ എടുത്തുചാടി പങ്കാളിയാകാറുണ്ടായിരുന്നു. യാതൊരുവിധ സ്വേച്ഛയുമില്ലാത്ത മനുഷ്യനായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ സ്ഥാനം ഉയർത്തട്ടെ. ഇദ്ദേഹത്തിന്റെ മരണത്തിന് മുമ്പെതന്നെ ഇദ്ദേഹത്തിന്റെ ഭാര്യ വഫാത്തായിരുന്നു. ഇദ്ദേഹത്തിന് മക്കൾ ആരും തന്നെ ഉണ്ടായിരുന്നില്ല. ഒരു മകനെ അദ്ദേഹം എടുത്ത് വളർത്തിയിരുന്നു. അല്ലാഹു അദ്ദേഹം എടുത്ത് വളർത്തിയ ആ മകനും അദ്ദേഹത്തിന്റെ തണലിൽ വളരാൻ കഴിഞ്ഞ്കൊണ്ട്, അത് എല്ലായിപ്പോഴും നിലനിർത്താൻ സാധിക്കട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിനും ജമാഅത്തിന്റെ സേവനത്തിനുള്ള തൗഫീഖ് ലഭിച്ച് കൊണ്ടിരിക്കുന്നു. അല്ലാഹു എല്ലായിപ്പോഴും ആത്മാർത്ഥതയോടും കൂറോടുകൂടി അദ്ദേഹത്തിന്റെ ശിക്ഷണത്തിന്റെ ഫലമായി അദ്ദേഹത്തിന്റെ മക്കൾക്കും പ്രവർത്തിക്കാനുള്ള തൗഫീഖ് നൽകട്ടെ.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 January 06 at: Baitul Futuh London
Translation: C.P. Sulthan Naseer Mob: 09544274240

Typing: M.P. Abdul Latheef Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**
Printed at: Digitel Image Calicut.